പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*515

19.05.2017 -ലെ മറുപടിയ്ക്ക്

## തോട്ടം മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ഡി.പ്രസേനൻ<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. ഡി.കെ.മുരളി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തോട്ടം മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധനാ വിധേയമാക്കിയിരുന്നോ; വിശദാംശം അറിയിക്കുമോ; | എ) തോട്ടം മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെയും ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും തൊഴിൽ ഉടമകളുമായും വിശദമായ ചർച്ചകൾ നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) പ്ലാന്റേഷൻ ലേബർ ആക്ടിൽ ആരോഗ്യപരിപാലനത്തിനും ചികിത്സക്കും വേണ്ട എന്തൊക്കെ സൗകര്യങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്; തൊഴിലാളികൾക്ക് ഈ സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന കാര്യം അറിയിക്കുമോ; | ബി) 1951-ലെ പ്ലാന്റേഷൻ ലേബർ നിയമത്തിലെ വകുപ്പ് 8 മുതൽ 10 വരെയുള്ള ഭാഗങ്ങളിലും 1959-ൽ നിലവിൽ വന്ന പ്ലാന്റേഷൻസ് ലേബർ ചട്ടങ്ങളിലുമാണ് തോട്ടം തൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിനും ചികിത്സക്കും വേണ്ട കാര്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. വകുപ്പ് 8 പ്രകാരം തോട്ടം ഉടമ തൊഴിലാളികൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. വകുപ്പ് 9 പ്രകാരം തോട്ടം തൊഴിലാളികൾക്ക് (സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകമായി) വൃത്തിയുള്ള ശൗചാലയവും ഉടമ തോട്ടത്തിനുള്ളിൽ തന്നെ ഏർപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 32 പ്രകാരം തോട്ടം ഉടമകൾ തോട്ടത്തിലെ തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് ഗാർഡൻ ഹോസ്പിറ്റൽ, ഗ്രൂപ്പ് ഹോസ്പിറ്റൽ, ഡിസ്പെൻസറികൾ എന്നിവ ഏർപ്പെടുത്തേണ്ടതാണ്. 05.06.2015-ലെ 62/2015/എൽ.ബി.ആർ നമ്പർ ഉത്തരവ് പ്രകാരം ചട്ടം 32-ൽ ഭേദഗതി വരുത്തി സ്കാനിംഗ്, ആൻജിയോഗ്രാം തുടങ്ങിയ ആധുനിക ചികിത്സാ സൗകര്യങ്ങളും തൊഴിലാളികൾക്ക് ഏർപ്പെടുത്താൻ |

വ്യവസ്ഥ ചെയ്തിട്ടുണ്ട്. [illegible] ചികിത്സാ സൗകര്യം ഇല്ലാത്ത തോട്ടങ്ങളിലെ തൊഴിലാളികൾ തോട്ടത്തിന് പുറത്തുള്ള ആശുപത്രികളിൽ ചികിത്സ നടത്തുന്നതിന് ചെലവായ തുക തൊഴിലാളികളുടെ അപേക്ഷ പ്രകാരം പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ഉടമയിൽ നിന്ന് ഈടാക്കി നൽകുന്നുമുണ്ട്.

പ്ലാന്റേഷൻസ് ലേബർ ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന സൗകര്യം ലഭ്യമാകുന്നുണ്ട്. ആരോഗ്യ പരിപാലനത്തിനും ചികിത്സക്കും തോട്ടം ഉടമകൾ വീഴ്ച വരുത്തുന്നുണ്ടോ എന്ന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്തുകയും വീഴ്ച വരുത്തുന്ന തൊഴിലുടകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

| | |
|---|---|
| സി) ആക്ടിൽ നിഷ്കർഷിക്കുന്ന തരത്തിൽ താമസസൗകര്യം ലഭ്യമാകുന്നുണ്ടോ; | സി) താമസ സൗകര്യം ലഭ്യമാകുന്നുണ്ട്. കൂടാതെ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ ഓഫ് കേരള കേരള സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് പ്രോജക്ടുമായി സഹകരിച്ച് ഭവന രഹിതരായ തോട്ടം തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. സ്വന്തമായി ഭൂമി ഇല്ലാത്ത തൊഴിലാളികൾക്ക് തോട്ടത്തിനുള്ളിൽ തന്നെ സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകുന്നതിനും സ്വന്തമായി സ്ഥലമുള്ളതൊഴിലാളികൾക്ക് അവരവരുടെ സ്ഥലത്ത് തന്നെ വീട് നിർമ്മിച്ച് നൽകാനുമാണ് സർക്കാർ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| ഡി) മുൻസർക്കാരിന്റെ കാലത്ത് തോട്ടമുടമകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉണ്ടായ വേതനപരിഷ്കരണ കരാറിൽ ജോലിസമയവും ജോലിഭാരവും നിയമത്തിന് അനുരൂപമല്ലാത്ത തരത്തിൽ വർദ്ധിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ? | ഡി) സ.ഉ(പി) നം76/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തോട്ടം മേഖലയിൽ നിശ്ചയിച്ചിട്ടുള്ള മിനിമം വേതന നിരക്കിൽ 15.12.1966 ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റബ്ബർ മരങ്ങളുടെ ടാപ്പിംഗ് ടാസ്ക് 400 ആയി നിശ്ചയിച്ചിട്ടുണ്ട്. അതുപോലെ തേയില തോട്ടങ്ങളിൽ പീസ് റേറ്റ് വർക്കിൽ 'ഷിയർ പ്ലക്കിംഗ്' എന്ന ബി വിഭാഗവും കൂടി മുൻ മിനിമം വേതന ഉത്തരവിൽ നിന്നും വിഭിന്നമായി ജി.ഒ (എം.എസ്) 15/14/തൊഴിൽ എന്ന ഉത്തരവിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

Sreedas

**സെക്ഷൻ ഓഫീസർ**